# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ
ചോദ്യം നം. 1066

12.06.2014 ൽ മറുപടിയ്ക്ക്

<u>എ.ഐ.സി.റ്റി.ഇ യുടെ മേഖല ഓഫീസ്</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. എം.പി.വിൻസെന്റ്<br>ശ്രീ .ഹൈബി ഈഡൻ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് എ.ഐ.സി.റ്റി.ഇ യുടെ മേഖല ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസിൽ നിന്നും അനുവദിച്ച 43 സെന്റ് സ്ഥലത്ത് 15,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള 4 നില കെട്ടിടം പണികഴിപ്പിച്ച് പ്രവർത്തനം ആരംഭിച്ചു. |
| ബി) പ്രസ്തുത ഓഫീസ് വഴി എന്തെല്ലാം ഗുണങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) കേരളത്തിലെയും ലക്ഷദ്വീപിലെയും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വികസന, ഏകീകരണ പ്രവർത്തനങ്ങളുടെ നിയന്ത്രണവും ടി.സ്ഥാപനങ്ങളുടെ അംഗീകാരവും ഗുണനിലവാരം ഉറപ്പുവരുത്തലും ഈ ഓഫീസിന്റെ ചുമതലയിൽപ്പെടുന്നു. ഇതിനുമുന്‍ എ.ഐ.സി.റ്റി.ഇ-യുടെ ബാംഗ്ലൂരിലുള്ള സൗത്ത് വെസ്റ്റ് റീജിയണൽ ഓഫീസ് മുഖാന്തിരം നടപ്പിലാക്കിയിരുന്ന എല്ലാ പ്രവർത്തനവും ഈ ഓഫീസ് മുഖേന നടപ്പിലാക്കുന്നതുകൊണ്ട് കേരളത്തിനും ലക്ഷദ്വീപിനും വളരെയധികം പ്രയോജനപ്രദമാണ്. |
| സി) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കും നിയന്ത്രണത്തിനും എന്തെല്ലാം കാര്യങ്ങളാണ് ഇതിന്റെ പ്രവർത്തനംമൂലം ലഭിക്കുന്നത്; വിശദമാക്കുമോ; | സി) 1. സാങ്കേതിക സ്ഥാപനങ്ങൾക്ക് എ.ഐ.സി.റ്റി.ഇ പ്രാരംഭ അംഗീകാരം ലഭ്യമാക്കൽ.<br>2. വർഷാവർഷങ്ങളിൽ തുടർന്നുള്ള അംഗീകാരം ലഭ്യമാക്കൽ.<br>3 ഈ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന പരാതികൾ സംബന്ധിച്ച അന്വേഷണം ഏകീകരിച്ചുനടപ്പിലാക്കൽ.<br>4 'കോമൺ മാനേജ്മെന്റ് അഡ്മിഷൻ ടെസ്റ്റ് ' (CMAT), 'ഗ്രാഡുവേറ്റ് ഫാർമസി ആപ്റ്റിട്യൂഡ് ടെസ്റ്റ് (GPAT) തുടങ്ങിയ പ്രവേശന പരീക്ഷകളുടെ നടത്തിപ്പ് ക്രമീകരിക്കുന്നു. |

| | |
|---|---|
| ഡി) ഓഫീസിന്റെ പ്രവർത്തനത്തിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. വിശദാംശങ്ങൾ എന്തെല്ലാമാണ്? | ഡി) 15,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള 4 നില കെട്ടിടം പണികഴിപ്പിച്ചിട്ടുണ്ട്. 1 റീജിയണൽ ഓഫീസർ, 3 കൺസൾട്ടന്റുമാർ, 2 ഡാറ്റ എൻട്രി ഓപ്പറേറ്റർമാർ, 1 ഹെൽപ്പർ, 1 സഫായ് കർമ്മചാരി, 3 സെക്യൂരിറ്റികൾ എന്നീ പോസ്റ്റുകൾ അനുവദിച്ച നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ